പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1622 — 04-12-2018-ലെ മറുപടിയ്ക്ക്

## പ്രളയാനന്തരം കാർഷികമേഖലയിലുണ്ടായ നഷ്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ജെ. മാക്സി** | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

**(എ)** വെള്ളപ്പൊക്കം മൂലം എത്ര കോടി രൂപയുടെ പ്രാഥമിക നഷ്ടമാണ് കാർഷികമേഖലയിൽ കണക്കാക്കപ്പെട്ടിട്ടുള്ളത്; ജില്ല തിരിച്ച് വിവരം വ്യക്തമാക്കാമോ;

**(എ)** കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ഘടകം തിരിച്ചുള്ള നഷ്ടം ചുവടെ ചേർത്തിരിക്കുന്നു. വിളകൾക്കുണ്ടായ നഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം - I ൽ കണ്ടാലും.

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1. | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2. | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ തുടങ്ങിയവ) | 326.25 |
| 3. | കാർഷിക മേഖലയിലെ ആസ്തികൾക്കും, ഉല്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം | 130.34 |
| | **ആകെ** | **19001.84** |

**(ബി)** ആയതു പ്രകാരം എത്ര കർഷകരുടെ എത്ര ഹെക്ടർ കൃഷിയിടമാണ് നശിച്ചുപോയിട്ടുള്ളത്; കൃഷി നഷ്ടപ്പെട്ട കർഷകർക്ക് എന്തൊക്കെ ധനസഹായം നാളിതുവരെ നൽകി; ആയതിന് ചെലവഴിച്ച തുക എത്ര;വിശദാംശം ലഭ്യമാക്കാമോ;

**(ബി)** സംസ്ഥാനത്ത് പ്രളയംമൂലം 1087413 കർഷകരുടെ 236649.5 ഹെക്ടർ കൃഷിയിടത്തിലെ വിളകളാണ് നശിച്ചുപോയിട്ടുള്ളത്.

മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 3,05,964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 2,32,966 കർഷകർക്ക് SDRF ഫണ്ടിൽ നിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, സംസ്ഥാന വിഹിതമായി 2,18,198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, മണൽ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽ മൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11,750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പ എടുത്തിട്ടും വിള ഇറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു. |
| **(സി)** | പ്രളയം മൂലം സംസ്ഥാനത്താകെ നെൽകൃഷിയിൽ എത്ര ഹെക്ടർ സ്ഥലത്താണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്; വിവരം ലഭ്യമാക്കുമോ; | **(സി)** | പ്രളയം മൂലം സംസ്ഥാനത്താകെ നെൽകൃഷിയിൽ 35820 ഹെക്ടർ സ്ഥലത്താണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്. ഇതിൽ 820 ഹെക്ടർ നഴ്സറി ആണ്. വിശദവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| **(ഡി)** | പ്രളയാനന്തരം മണ്ണിന്റെ സ്വഭാവത്തിലുണ്ടായ മാറ്റം പഠിക്കുന്നതിനും പ്രസ്തുത വിവരം കർഷകർക്ക് നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ; | **(ഡി)** | സംസ്ഥാനത്ത് വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിളപരിപാലനത്തിനും സംരക്ഷണത്തിനുമായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, ഗവേഷണകേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന ടീമുകളെ നിയമിച്ചിരുന്നു. തൃശ്ശൂർ, പാലക്കാട്/മലപ്പുറം, കോഴിക്കോട്/വയനാട്, എറണാകുളം, ആലപ്പുഴ/കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ രൂപീകരിച്ച സംഘങ്ങൾ പ്രളയ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം |

| | | | |
|---|---|---|---|
| | | | പൊതുവെ മണ്ണിന്റെ അമ്ലാംശം വർധിച്ചതായി കാണപ്പെടുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മണ്ണിന്റെ അമ്ലത്വം കുറയ്ക്കുന്നതിനായി കർഷകർക്ക് 75 ശതമാനം സബ്സിഡി നിരക്കിൽ കുമ്മായ വസ്തുക്കൾ വിതരണം ചെയ്യുന്നു. |
| **(ഇ)** | കൃഷി പുനരുജ്ജീവനത്തിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും എത്ര കോടി രൂപ കൃഷി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ? | **(ഇ)** | കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടു കൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ' എന്ന പദ്ധതിയിൻ കീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്രസർക്കാർ ഈയിനത്തിൽ 93.39 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ അന്താരാഷ്ട്ര തലത്തിൽ ധനസഹായം ലഭ്യമാക്കുന്നതിനായി 500 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

ANNEXURE – I

| SL. NO. | DISTRICT | ESTIMATED LOSS (Rs. In lakhs) |
|---|---|---|
| 1 | Thiruvananthapuram | 15,773.63 |
| 2 | Kollam | 15,663.65 |
| 3 | Alappuzha | 74,365.11 |
| 4 | Pathanamthitta | 3,09,241.66 |
| 5 | Kottayam | 1,86,359.85 |
| 6 | Idukki | 6,84,117.51 |
| 7 | Ernakulam | 1,09,225.01 |
| 8 | Thrissur | 46,745.79 |
| 9 | Palakkad | 57,377.37 |
| 10 | Malappuram | 1,12,265.46 |
| 11 | Kozhikode | 38,638.05 |
| 12 | Wayanad | 1,69,786.02 |
| 13 | Kannur | 27,960.90 |
| 14 | Kasaragod | 7,005.62 |
| TOTAL | | 18,54,525.6 |

## അനുബന്ധം

| ക്രമ നം. | ജില്ല | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 217 |
| 2 | കൊല്ലം | 286.06 |
| 3 | ആലപ്പുഴ | 11082 |
| 4 | പത്തനംതിട്ട | 415.7 |
| 5 | കോട്ടയം | 9491 |
| 6 | ഇടുക്കി | 78 |
| 7 | എറണാകുളം | 210 |
| 8 | തൃശ്ശൂർ | 3290.2 |
| 9 | പാലക്കാട് | 6444.8 |
| 10 | മലപ്പുറം | 1704.8 |
| 11 | കോഴിക്കോട് | 285.2 |
| 12 | വയനാട് | 1541.5 |
| 13 | കണ്ണൂർ | 766 |
| 14 | കാസറഗോഡ് | 7.74 |
| | **ആകെ** | **35820** |

സെക്ഷൻ ഓഫീസർ